## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6291** 20.11.2019-ലെ മറുപടി

### മാള, ചാലക്കുടി നിയോജകമണ്ഡലങ്ങളിൽ ജല അതോറിറ്റിയുടെ പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ല്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനിൽ അക്കര | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പ മന്ത്രി) |
| എ) | 2018 ലെ പ്രളയത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിലെ മാള, ചാലക്കുടി നിയോജകമണ്ഡലങ്ങളിൽ ജല അതോറിറ്റിയുടെ പ്രവൃത്തികൾ ചെയ്ത കരാറുകാരുടെ ബില്ല് മാറിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | ഉണ്ടെങ്കിൽ എന്തു കൊണ്ടാണെന്ന് വിശദീകരിക്കാമോ; | ബി) | കേരള വാട്ടർ അതോറിറ്റിക്ക് സംസ്ഥാന സർക്കാരിൽ നിന്നും GO(Rt)No. 551/2018/DMD തീയതി 02/11/2018 ഉത്തരവ് പ്രകാരം 16.62 കോടി രൂപ വിടുതൽ ചെയ്തു നൽകുവാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നല്കി. ഇതിൽ മേല്പ്പറഞ്ഞ ഉത്തരവിനോട് അനുബന്ധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ കേരള വാട്ടർ അതോറിറ്റിക്ക് 2.34 കോടി രൂപ ലഭ്യമാക്കി നൽകി. ഈ തുക ബില്ലുകളുടെ സീനിയോറിറ്റി പരിഗണിച്ച് കരാറുകാർക്ക് നൽകി. സർക്കാർ അനുവദിച്ച തുകയുടെ ബാക്കിയായ 14.28 കോടി രൂപ കേരള വാട്ടർ അതോറിറ്റിക്ക് വിടുതൽ നൽകുവാനുള്ള പ്രവൃത്തികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഓഫീസിൽ നടന്നുവരുന്നു. GO(Rt) No. 910/2018/WRD തീയതി 21/12/2018 ഉത്തരവ് പ്രകാരം 2018 ലെ പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധീകരിക്കുന്നതിനുവേണ്ടി 65.03 കോടി രൂപയുടെ പണികൾക്ക് ഭരണാനുമതി നൽകിയെങ്കിലും തുക അനുവദിക്കാൻ സാധിച്ചിട്ടില്ല. |
| സി) | ഇവർക്ക് അടിയന്തരമായി ബില്ല് മാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | ജല അതോറിറ്റിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകളുടെ സീനിയോറിറ്റി പരിഗണിച്ച് തുക നൽകുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ